പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2536

12/06/2018 - ൽ മറുപടിക്ക്

## സ്ഥിരമായ വിപണി ഇടപെടൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | 2018-19 ൽ ഒരു വർഷം നീണ്ടുനിൽക്കുന്ന സ്ഥിരമായ വിപണി ഇടപെടലിന് കൺസ്യൂമർ ഫെഡറേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | 2018-19 ലെ ഒരു വർഷം നീണ്ടു നിൽക്കുന്ന സ്ഥിരമായ വിപണി ഇടപെടലിന് കൺസ്യൂമർ ഫെഡറേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2018 ജൂലൈ 1 മുതൽ മാർച്ച് 31 വരെ നീണ്ടു നിൽക്കുന്ന 9 മാസക്കാലമാണ് പ്രോജക്ടിന്റെ കാലാവധി. 13 ഇനം നിത്യോപയോഗ സാധനങ്ങൾ വിപണിയിൽ സബ്സിഡി നിരക്കിൽ ലഭ്യമാക്കിക്കൊണ്ട് വില സ്ഥിരത ഉറപ്പാക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. |
| ബി) | ഫെഡറേഷന്റെ കീഴിലുള്ള നീതി സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; നീതി സ്റ്റോറുകളിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | ബി) | വിലയിരുത്തിയിട്ടുണ്ട്. നീതി സ്റ്റോറുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സാധനങ്ങൾ സഹകരണ സംഘങ്ങൾ ഇൻഡന്റ് ചെയ്യുന്ന മുറയ്ക്ക് കൺസ്യൂമർ ഫെഡറേഷൻ മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്. |
| സി) | വരുന്ന ഓണക്കാലത്ത് എന്തെല്ലാം തരത്തിലുള്ള കമ്പോള ഇടപെടലുകളാണ് ഫെഡറേഷന് കീഴിലുള്ള സ്ഥാപനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | സി) | ഓണത്തിന് തൊട്ടുമുമ്പുള്ള 10 ദിവസങ്ങളിൽ വിപുലമായ ഓണ വിപണി സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി ഫെഡറേഷൻ തയ്യാറാക്കിയിട്ടുണ്ട്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡി നിരക്കിലും മറ്റ് അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ വിലക്കുറവിലും വിപണിയിൽ ഉൾപ്പെടുത്തുന്ന പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് കമ്പോള ഇടപെടലിന് വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം എന്ത് തുകയാണ് സർക്കാർ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | ഡി) | കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് കമ്പോള ഇടപെടലിനു വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഓണം സബ്സിഡി 34,62 കോടി രൂപയും ക്രിസ്തുമസ് പുതുവത്സര വിപണി 35.04 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| ഇ) | ത്രിവേണി സ്റ്റോറുകൾക്കും നീതി സ്റ്റോറുകൾക്കും ശരിയായ രീതിയിൽ കമ്പോള ഇടപെടൽ നടത്തുവാൻ സാധിച്ചെങ്കിൽ നിത്യോപയോഗ സാധനങ്ങളുടെ വില പൊതുകമ്പോളത്തിൽ കുത്തനെ വർദ്ധിച്ച് സാധാരണക്കാരായ ആളുകൾ ദുരിതത്തിലായത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | ഇ) | കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെ നടപ്പിലാക്കുന്ന നീതി ശൃംഖലയും, പൊതു വിതരണ സംവിധാനത്തിന്റെ ഭാഗമായി നടത്തുന്ന ഇടപെടലുകളും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, അവയുടെ വിപണി ഉറപ്പുവരുത്തുന്നതിനും ശരിയായ രീതിയിൽ കമ്പോള ഇടപെടൽ നടത്തുവാനും സാധിച്ചതിലൂടെ വിലക്കയറ്റം ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ